# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 23 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### ലൈഫ് മിഷൻ ജില്ലാതല പൂർത്തീകരണ പ്രഖ്യാപനം നടത്തി
## ലൈഫ് മിഷന്റെ ഭാഗമായി തൊഴിൽ പരിശീലനം കൂടി നൽകും: മന്ത്രി എ. സി. മൊയ്തീൻ

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ഉപജീവനത്തിനായി കുടുംബശ്രീയും വ്യവസായ വകുപ്പുമായി ചേർന്ന് തൊഴിൽ പരിശീലനം കൂടി നൽകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ പറഞ്ഞു.

ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി തൃശൂർ ജില്ലാതല പൂർത്തീകരണ പ്രഖ്യാപനവും കുടുംബസംഗമവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വീട് നിർമ്മാണം മാത്രമല്ല ഉപജീവനം നൽകൽ കൂടി ലൈഫിന്റെ ഭാഗമാണെന്ന് മന്ത്രി പറഞ്ഞു. ജില്ലയിൽ 17251 ഗുണഭോക്താക്കൾ കരാർ വെച്ചതിൽ 14687 പേരുടെ വീടുകൾ പൂർത്തീകരിച്ചു. ശേഷിച്ച 2564 പേരുടെ വീടുകൾ മാർച്ച് 31ഓടെ പൂർത്തീകരിക്കും. ഇതോടെ രണ്ടു ഘട്ടം ലക്ഷ്യം കാണും. മൂന്നാം ഘട്ടത്തിൽ ഭൂമിയില്ലാത്ത ഭവനരഹിതരെ പരിഗണിക്കും. ഈ ഘട്ടത്തിൽ 100 വീടുകൾ വീതം ഉള്ള ഫ്‌ളാറ്റുകളുടെ നിർമ്മാണത്തിന് 28 ഇടങ്ങളിൽ സ്ഥലം ലഭ്യമായി. ഇതിൽ ഇടുക്കി അടിമാലിയിൽ വീടുകൾ നൽകി. വടക്കാഞ്ചേരിയിൽ ഫ്‌ളാറ്റ് നിർമ്മാണം അവസാന ഘട്ടത്തിലാണ്. മൂന്നാമത്തെ ഘട്ടത്തിന്റെ അവസാനം പുതിയ റേഷൻ കാർഡുള്ള ഭവനരഹിതരെയും പരിഗണിക്കും. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 55000 പേരെ ലൈഫിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ ഇതുമായി ബന്ധപ്പെട്ട നിബന്ധനകൾ ഒഴിവാക്കി. മത്സ്യത്തൊഴിലാളി വിഭാഗത്തിലെ 9000 പേരെ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന വീടുകളും പുനർനിർമ്മിക്കും. ലൈഫ് സർക്കാരിന്റെ മാത്രം പദ്ധതി അല്ല. സുമനസ്സുകളുടെ കൂടി സഹായത്തോടെ നടത്തുന്ന ജനകീയ പദ്ധതിയാണ്. ഇത് പൂർത്തിയാവുന്നതോടെ ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്നും മന്ത്രി പറഞ്ഞു.

ലൈഫ് മിഷൻ ഒന്നാം ഘട്ടം - പൂർത്തിയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം, രണ്ടാം ഘട്ടം - ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് പാർപ്പിടം നൽകൽ, പി.എം.എ.വൈ ഗ്രാമം, നഗരം എന്നീ പദ്ധതികളിലൂടെ നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ ജില്ലാതല പൂർത്തീകരണ പ്രഖ്യാപനമാണ് തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ വൻ ജനപങ്കാളിത്തത്തോടെ നടന്നത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ മേയർ അജിത വിജയൻ മുഖ്യപ്രഭാഷണം നടത്തി. എം എൽ എ മാരായ ഇ ടി ടൈസൺ മാസ്റ്റർ, യു ആർ പ്രദീപ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ. കെ. ഉദയപ്രകാശ്, കേരള ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടന്റ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പി എസ് വിനയൻ, കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ, മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അബീദലി,

ലൈഫ് മിഷൻ കോർഡിനേറ്റർ ലിൻസ് ഡേവീഡ്, എഡിസി പി എൻ അയന, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാർ എന്നിവർ സംസാരിച്ചു. ജില്ലാ കളക്ടർ എസ് ഷാനവാസ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.
***ഫോട്ടോ അടിക്കുറിപ്പ്: ലൈഫ് മിഷൻ ജില്ലാ കുടുംബസംഗമവും ഭവനനിർമ്മാണ പൂർത്തീകരണ പ്രഖ്യാപനവും മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.***

# ലൈഫ് മിഷൻ : ജില്ലാതല കുടുംബസംഗമം ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി

ലൈഫ് മിഷനിലൂടെ വീടുകൾ ലഭിച്ച ഗുണഭോക്താക്കളുടെ ജില്ലാതല കുടുംബ സംഗമവും ഭവന നിർമ്മാണ പൂർത്തീകരണ പ്രഖ്യാപനവും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

തൃശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് വീട് ലഭിച്ചവരും കുടുംബാംഗങ്ങളും ജനപ്രതിനിധികളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ പരിപാടിയിൽ പങ്കെടുത്തു. സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ട കുടുംബങ്ങളുടെ സന്തോഷത്തിൽ പങ്കുചേരുന്നതിനൊപ്പം ജില്ലയിൽ മികച്ച രീതിയിൽ ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആദരിക്കലും ഭിന്നശേഷിക്കാർക്ക് വീൽചെയർ വിതരണവും നടന്നു.

ലൈഫ് മിഷൻ പദ്ധതിയിൽ സംസ്ഥാനത്തെ തന്നെ മികച്ച ജില്ലാ പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ട തൃശൂർ ജില്ലാ പഞ്ചായത്ത്, മികച്ച പ്രവർത്തനം കാഴ്ചവെച്ച തൃശൂർ കോർപ്പറേഷൻ, 100 ശതമാനം ഭവന നിർമ്മാണം പൂർത്തിയാക്കിയ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ, കൂടുതൽ ഭവനങ്ങൾ പൂർത്തിയാക്കിയ പഞ്ചായത്തുകൾ എന്നിവയെ പുരസ ്കാരം നൽകി ആദരിച്ചു. കൂടാതെ പദ്ധതിയെ പിന്തുണച്ചവരെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെയും ചടങ്ങിൽ ആദരിച്ചു. ഭിന്നശേഷിക്കാരായ നാല് പേർക്ക് ചടങ്ങിൽ മന്ത്രി വീൽ ചെയറുകൾ വിതരണം ചെയ്തു. ജില്ലാ കളക്ടർ ആവിഷ്കരിച്ച പ്രതീക്ഷ പദ്ധതിയുടെ ഭാഗമായാണ് ഇലക്ട്രിക്കൽ വീൽ ചെയറുകൾ വിതരണം ചെയ്തത്. മറ്റു പദ്ധതികളിൽ ഉൾപ്പെടാത്തവരും നിർദ്ധനരുമായ 4 പേർക്കാണ് വീൽ ചെയറുകൾ നൽകിയത്. പരിപാടിയിൽ പങ്കെടുക്കാനെത്തിയവർക്ക് തുണി സഞ്ചികളും വിതരണം ചെയ്തു.

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ നിർമ്മാണം പൂർത്തിയാക്കിയ 2 ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം സംസ്ഥാന തലത്തിൽ നടക്കാനിരിക്കുന്നതിന് മുന്നോടിയായാണ് ജില്ലാതല പരിപാടി സംഘടിപ്പിച്ചത്.

# കുടുംബശ്രീ കരുത്തിൽ മാടക്കത്തറയിൽ 13 ലൈഫ് വീടുകൾ

മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ കൂട്ടായ്മയിൽ ലൈഫ് മിഷനിൽ പൂർത്തിയാക്കിയത് 13 വീടുകൾ. ജില്ലാതല ലൈഫ് മിഷൻ കുടുംബ സംഗമത്തിൽ ഇവർക്ക് പ്രത്യേക അനുമോദനം ലഭിച്ചു. ഒരു വീടിന്റെ പ്രരംഭ ഘട്ടം മുതൽ താക്കോൽദാനം വരെ ഈ പെൺകരുത്ത് സജീവമായത് ഏവർക്കും മാതൃകയാണ്. സ്കൈ ആർട്ട്, ന്യൂട്ടെക് എന്നീ രണ്ട് ഗ്രൂപ്പുകളായാണ് കുടുംബശ്രീ ഇവിടെ ഭവനങ്ങൾ പൂർത്തികരിച്ചത്. അഞ്ച് പേർ ഉൾപ്പെടുന്ന ന്യൂട്ടെക് ഗ്രൂപ്പ്, മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ മൂന്ന് വീടുകൾ പണിതു. സ്കൈ ആർട്ട് ഗ്രൂപ്പാണ് ഏറ്റവും കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചത്. ഏഴ് പേരുള്ള സ്കൈ ആർട്ട് സംഘം കോർപ്പറേഷനിൽ ഏഴും മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ മൂന്ന് വീടുകളും പണിതു. ഭവനനിർമ്മാണത്തിന് മുന്നോടിയായി, കെട്ടിട നിർമ്മാണ പരിശീലനം നൽക്കുന്നതിന് മാടക്കത്തറ ഗ്രാമപഞ്ചായത്ത് കുടുംബശ്രീകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിൽ നിന്ന് 21 പേരെ തിരഞ്ഞെടുത്തു. മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർക്ക് അയ്യന്തോൾ കോസ്റ്റ് ഫോഡിൽ 45 ദിവസത്തെ പരിശീലനവും നൽകി. വീട് നിർമ്മാണത്തിന്റെ ആദ്യ പടിയായ അസ്തിവാരം എടുക്കൽ, തറ കെട്ടൽ, ഗിത്തി, വാർപ്പ്, തേപ്പ്, പ്ലബിങ്, വയറിങ് തുടങ്ങിയ പ്രവൃത്തി ഈ പെൺകൂട്ടായ്മ ആറ് മാസം കൊണ്ടാണ് പൂർത്തിയാക്കിയത്. ഒരാൾക്ക് ഒരു ദിവസം 750 രൂപയാണ് വേതനം. ഗുണഭോക്താവിന് മഹാത്മാഗന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 271 രൂപ ദിവസവേതനാടിസ്ഥനത്തിൽ 100 തൊഴിൽ ദിനങ്ങൾ നൽകുന്നുണ്ട്.
***ഫോട്ടോ അടിക്കുറിപ്പ്: മാടക്കത്തറ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ ഗ്രൂപ്പ് അംഗങ്ങളെ മന്ത്രി എ സി മൊയ്തീൻ അനുമോദിക്കുന്നു.***

## സ്വപ്നം കണ്ട വീട് സ്വന്തം; സർക്കാരിന് നന്ദി പറഞ്ഞ് ലിനി

സ്വപ്നം കണ്ട വീട് യാഥാർത്ഥ്യമായതിന്റെ സന്തോഷകണ്ണീരുമായാണ് കൂഴുരിൽ നിന്ന് ലിനി ജില്ലാ ലൈഫ് മിഷൻ കുടുംബസംഗമത്തിൽ എത്തിയത്. സ്വപ്നഭവനത്തിന്റെ നിർമ്മാണം പൂർത്തിയായത്തിന്റെ സന്തോഷം പറഞ്ഞ് അറിയിക്കാൻ കഴിയുന്നില്ല ലിനിക്ക്. അപ്പച്ചൻ, അമ്മച്ചി, ഭർത്താവ്, രണ്ട് കുട്ടികൾ അടങ്ങുന്നതാണ് കുഴൂർ കച്ചപ്പിള്ളി വീട്ടിൽ ലിനിയുടെ കുടുംബം. ഷീറ്റ് മെഞ്ഞ് ഷെഡ് കൊണ്ട് മറച്ച വീട്ടിലാണ് ഈ കുടുംബം കഴിഞ്ഞിരുന്നത്. കുഴൂർ ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ പട്ടികയിൽ ലീനയുടെ കുടുംബം ഉൾപ്പെട്ടിരുന്നില്ല. ഗ്രാമപഞ്ചായത്തിലെ ഗ്രാമസേവകന്റെ നിർദ്ദേശത്തേ തുടർന്ന് ജില്ലയിലെ അയ്യന്തോളിൽ പ്രവർത്തിക്കുന്ന ലൈഫ്മിഷന്റെ ഓഫീസിൽ എത്തി അപേക്ഷ നൽക്കുകയായിരുന്നു. കുടുംബത്തിന്റെ ബുദ്ധിമുട്ടും രോഗവസ്ഥകളും പരിഗണിച്ച് പ്രത്യേക പരിഗണനയിലൂടെ ലൈഫ് മിഷൻ ഈ കുടുംബത്തിനെ ഗുണഭോക്താവായി പരിഗണിക്കുകയായിരുന്നു. 43 വയസ്സുള്ള ലിനിയുടെ ഭർത്താവ് ബിജുവിന് കാലിൽ ബ്ലഡ് സർക്കൂലേഷൻ ഇല്ലാത്തതിനാൽ എല്ല് ദ്രവിക്കുന്ന രോഗമാണ്. മത്സ്യതൊഴിലാളിയായ 67 വയസുള്ള തോമസിനും രോഗിയായതിനാൽ ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയാണ്. ലിനി തൊഴലുറപ്പ് തൊഴിലിന് പോയാണ് കുടുംബ ജീവിതം മുന്നോട്ട് പോകുന്നത്. ശാരീരിക അവശതകളാൽ ബുദ്ധിമുട്ടുന്ന ഇവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ടെറസ് വീടാണ് ലൈഫ് മിഷൻ വഴി ലഭിച്ചത്. 13 വയസുള്ള അൻവിയക്കും 10 വയസ്സുള്ള ആൽവിനും 64 വയസുള്ള മറിയത്തിനും പുതിയ വീട്ടിൽ സുരക്ഷിതമായി ഇനിയുള്ള കാലം കഴിയാം എന്ന സന്തോഷത്തിലാണ് ഈ കുടുംബം.

***ഫോട്ടോ അടിക്കുറിപ്പ്: ലൈഫ് മിഷനിൽ വീട് ലഭിച്ച കൂഴുർ സ്വദേശി ലിനി കുടുംബസംഗമ ത്തിൽ***

## പഞ്ചായത്തുകൾക്ക് ഗ്രേഡിങ് ഏർപ്പെടുത്തും: മന്ത്രി എ.സി. മൊയ്തീൻ

സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് ഏർപ്പെടുത്തുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു.

തൃശൂർ ജില്ലയിലെ 86 പഞ്ചായത്തുകളും അന്തർദേശീയ നിലവാര സൂചികയായ ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടിയതിന്റെ ജില്ലാതല പ്രഖ്യാപനം ടൗൺ ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പഞ്ചായത്ത് ഭരണസമിതികളുടെയും ഉദ്യോഗസ്ഥരുടെയും മികവിന്റെ സോഷ്യൽ ഓഡിറ്റിംഗ് ആയി ഗ്രേഡിങ് മാറുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളും 941 ഗ്രാമപഞ്ചായത്തുകളിൽ രണ്ടെണ്ണം ഒഴികെ എല്ലാ പഞ്ചായത്തുകളും ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടി. ഇനി അടുത്ത അഞ്ച് മാസം കൊണ്ട് മുഴുവൻ ജില്ലാ പഞ്ചായത്തുകളും കോർപറേഷനുകളും മുനിസിപ്പാലിറ്റികളും കിലയുടെ നേതൃത്വത്തിൽ ഐഎസ്ഒ സർട്ടിഫിക്കേഷൻ നേട്ടം കൈവരിക്കുമെന്നും മന്ത്രി പറഞ്ഞു.

വ്യവസായ-കാർഷിക മേഖലകളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന നിലപാട് തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കണം. സുതാര്യമായി, നിയമവിധേയമായി വേഗത്തിൽ കാര്യങ്ങൾ നടക്കണം. നിയമത്തിന്റെ വ്യാഖ്യാനം ജനപക്ഷത്തു നിന്ന് നടത്തണം. ജനപ്രതിനിധികൾ വിരമിക്കൽ മാനസികാവസ്ഥ ഉപേക്ഷിക്കണം. ഈ വേനൽക്കാലത്ത് ജലാശയ സംരക്ഷണം, ശുചീകരണം, വാർഡ്തല ആരോഗ്യ സമിതി പ്രവർത്തനങ്ങൾ എന്നിവ ജനപങ്കാളിത്തത്തോടെ നടത്തണമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ ഇന്ത്യയ്ക്കാകെ മാതൃകയാണെന്നും അത്ഭുതങ്ങൾ സൃഷ്ടിച്ചവയാണെന്നും മന്ത്രി പറഞ്ഞു.

കില, പഞ്ചായത്ത് വകുപ്പ്, വിവിധ പഞ്ചായത്തുകൾ എന്നിവയ്ക്കുള്ള ഉപഹാരങ്ങളും മന്ത്രി സമ്മാനിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയി ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. എം.എൽ.എമാരായ ഇ.ടി. ടൈസൺ മാസ്റ്റർ,

യു.ആർ. പ്രദീപ്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, കേരള ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കെ.കെ. സതീശൻ, സെക്രട്ടറി പി.എസ്. വിനയൻ, ജില്ലാ കളക്ടർ എസ്. ഷാനവാസ്, പഞ്ചായത്ത് അസി. ഡയറക്ടർ പി.ടി. പ്രസാദ് എന്നിവർ സംസാരിച്ചു.

ജില്ലയിലെ എല്ലാ പഞ്ചായത്തുകളേയും ഐ.എസ്.ഒ നിലവാരത്തിലെത്തിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്ത ശേഷം ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിലായി പ്രളയത്തിൽ പഞ്ചായത്ത് കെട്ടിടങ്ങളിൽ ചിലത് പൂർണമായും അതിലേറെ എണ്ണം ഭാഗികമായും നശിച്ചിരുന്നു. എന്നിട്ടുപോലും ചുരുങ്ങിയ സമയത്തിനുള്ളിൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുകയെന്ന ശ്രമകരമായ ദൗത്യത്തിൽ കഴിഞ്ഞ ഏപ്രിൽ മാസത്തോടെ വിജയിക്കാൻ ജില്ലയ്ക്കായി.

കൂടാതെ, അപേക്ഷകർക്കുള്ള എസ്.എം.എസ്. അലർട്ട്, പരാതി പരിഹാര അദാലത്ത് എന്നിവയിലൂടെ പഞ്ചായത്ത് മുഖേനയുള്ള സേവനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കുന്നതിന് ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ്: പഞ്ചായത്തുകൾ സമ്പൂർണ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയ തിന്റെ ജില്ലാതല പ്രഖ്യാപനം തൃശൂർ ടൗൺഹാളിൽ മന്ത്രി എ.സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു***

## മാധ്യമ വിദ്യാർഥികൾക്ക് ശിൽപശാല: 25 വരെ രജിസ്റ്റർ ചെയ്യാം

ഇൻഫർമേഷൻ-പബ്ളിക് റിലേഷൻസ് വകുപ്പ് മാധ്യമ ദിനാചരണത്തിന്റെ ഭാഗമായി ജനുവരി 29, 30 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാലയിൽ മാധ്യമ വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഇന്ത്യയിലെ പ്രമുഖ മാധ്യമ പ്രവർത്തകർ പങ്കെടുക്കുന്ന ശിൽപശാലയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കാണ് പ്രവേശനം. വിവിധ വിഷയങ്ങളിൽ പ്രഗത്ഭർ സംവദിക്കുകയും വിദ്യാർത്ഥികൾക്ക് മുതിർന്ന മാധ്യമ പ്രവർത്തകരുമായി ആശയവിനിമയത്തിന് അവസരമുണ്ടാവും. താത്പര്യമുള്ളവർ ജനുവരി 25 വൈകീട്ട് അഞ്ചിനകം 9895394630, 9744764171 നമ്പറുകളിലൊന്നിൽ പേര് രജിസ്റ്റർ ചെയ്യണം.

## ഡാറ്റാ എൻട്രി പൂർത്തിയാക്കണം

പട്ടിജാതി വികസന വകുപ്പിന്റെ ഇ-ഗ്രാന്റ്സ് 3.0 സോഫ്റ്റ്‌വേയർ പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ഗ്രാന്റ്സ് പഴയ സോഫ്റ്റ്‌വേയർ മുഖേനയുള്ള ആനുകൂല്യ വിതരണം നടപ്പ് സാമ്പത്തിക വർഷം നിർത്തലാക്കുന്നു. 2015 മുതൽ ഏതെങ്കിലും വിദ്യാർഥി കൾക്ക് പഴയ സോഫ്റ്റ്‌വേയർ മുഖേന ആനുകൂല്യം അനുവദിക്കാനുണ്ടെങ്കിൽ ജില്ലയിലെ പോസ്റ്റ് മെട്രിക്ക് സ്ഥാപനമേധാവികളും വിദ്യാർത്ഥികളുടെ ഡാറ്റാ എൻട്രി ജനുവരി 29 നകം പൂർത്തീകരി ക്കണം. നിശ്ചത സമയപരിധിക്കകം ഡാറ്റാ എൻട്രി ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ തുടർന്നു ണ്ടാകുന്ന പരാതികളുടെ ഉത്തരവാദിത്തം സ്ഥാപനമേധാവികൾക്കാണെന്ന് അസി. ജില്ലാ പട്ടിക ജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ: 0487 2360381.

## ക്വട്ടേഷൻ

തൃശൂർ എസ്ആർവി ഗവ. കോളേജ് ഓഫ് മ്യൂസിക് ആൻഡ് പെർഫോമിങ് ആർട്സിൽ വീണ, മൃദംഗം എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി നാല് ഉച്ചയ്ക്ക് രണ്ട്. ഫോൺ: 0487 2320190.

## ഡവലപ്പ്മെന്റ് തെറാപ്പിസ്റ്റ് ഒഴിവ്

കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേ ഷനിൽ ഡവലപ്പ്മെന്റ് തെറാപ്പിസ്റ്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബിരുദവും ക്ലിനിക്കൽ ചൈൽഡ് ഡവലപ്പ്മെന്റിൽ പിജി ഡിപ്ലൊമയുമാണ് യോഗ്യത. താൽപര്യമുള്ളവർ ജനുവരി 29 നകം എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡി സിൻ ആൻഡ് റിഹാബിലിറ്റേഷൻ, കല്ലേറ്റുംകര പി ഒ, ഇരിങ്ങാലക്കുട 680 683 വിലാസത്തിലോ

nipmrin@gmail.com ലോ ബയോഡാറ്റ സഹിതമുള്ള അപേക്ഷ നൽകണം. ഫോൺ: 0480 2881960.

# താലൂക്ക് വികസന സമിതി യോഗം

മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം ഫെബ്രുവരി ഒന്ന് രാവിലെ 10.30 ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

# റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ എൻസിസി/സൈനിക് വെൽഫയർ വകുപ്പിൽ എൽ ഡി ടൈപ്പിസ്റ്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ് -വിമുക്തഭടന്മാർ മാത്രം (കാറ്റഗറി നമ്പർ 516/2015) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 2016 ആഗസ്റ്റ് 31 നിലവിൽ വന്ന റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് റദ്ദായയായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

# കൊടുങ്ങല്ലൂരിൽ താലൂക്ക് പരാതി പരിഹാര അദാലത്ത് നടന്നു

കേരള സർക്കാരിന്റെ സംസ്ഥാന തല പരാതി പരിഹാര നടപടികളുടെ ഭാഗമായി കൊടുങ്ങല്ലൂർ താലൂക്ക് പരാതി പരിഹാര അദാലത്ത് കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസിൽ നടന്നു. ജില്ലാ കളക്ടർ എസ് ഷാനവാസ് നേതൃത്വം നല്കിയ അദാലത്ത് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. അതിർത്തി തർക്കങ്ങൾ, പൊതുവഴി കയ്യേറ്റം, പുറമ്പോക്ക് കൈയേറ്റം, അപകടകരങ്ങളായ വൃക്ഷങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയ പരാതികളാണ് അദാലത്തിന് മുമ്പിലെത്തിയത്. ആർഡിഒ സി ലതിക, ഡെപ്യൂട്ടി കളക്ടർ എൻ കെ കൃപ, ദേശീയപാത ഡെപ്യൂട്ടി കളക്ടർ ഐ പാർവ്വതി, തഹസിൽദാർ ജെസ്സി സേവിയർ, വിവിധ വകുപ്പുദ്യോഗസ്ഥർ, വില്ലേജ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷകളും ഓൺലൈനായി സ്വീകരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസിൽ നടന്ന പരാതി പരിഹാര അദാലത്ത്***

# വിദ്യാർഥികൾക്ക് അഗ്നിശമനസേനയുടെ ബോധവത്ക്കരണം

സ്കൂൾ വിദ്യാർത്ഥികൾക്ക് അഗ്നിശമനസേന രക്ഷാപ്രവർത്തന ബോധവത്ക്കരണ ക്ലാസ്സ് നടത്തി. അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് എല്ലാ വിദ്യാർത്ഥികളിലും അവബോധമുണ്ടാക്കി സ്വയം-രക്ഷാപ്രവർത്തനങ്ങളിൽ കുട്ടികളെ സജ്ജരാക്കുകയുമാണ് പ്രധാന ലക്ഷ്യം. 'ക്ലാസിഫിക്കേഷൻ ഓഫ് ഫയർ' വിഷയത്തെ ആധാരമാക്കി തീ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ, തീ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ, തീയണയ്ക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായി അവതരിപ്പിക്കുകയും അതിന് വേണ്ട പ്രാഥമിക പരിശീലനങ്ങളും വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. കൂടാതെ ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളിൽ നടത്തുന്ന ചെയർ നോട്ട് റെസ്ക്യു ആക്റ്റിവിറ്റി, സി.പി.ആർ., കൃത്രിമ ശ്വാസം നൽകൽ തുടങ്ങി അടിയന്തര പ്രാഥമിക ചികിത്സ, ഇലക്ട്രിസിറ്റി ഫയർ, ഗ്യാസ് ലീക്കേജ് തുടങ്ങിയ അപകട സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ച് പരിശീലന ക്ലാസ്സുകളും അഗ്നിശമനസേനയുടെ നേതൃത്വത്തിൽ നൽകി വരുന്നു. ജില്ലയിൽ ഫ്ളാറ്റുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് ഹൈഡ്രെന്റ് വാൾവ് ഫയർ സിസ്റ്റം ഇൻസ്റ്റലേഷന്റെ പ്രാധാന്യത്തെക്കുറിച്ചും ഫയർ സിസ്റ്റത്തിന്റെ ഉപയോഗത്തെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടികളും വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്.

തൃശ്ശൂർ ജില്ലാ സ്റ്റേഷൻ ഓഫീസർ കെ.യു.വിജയ് കൃഷ്ണ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ഡി. ബൽറാം ബാബു, സീനിയർ ഫയർ ഓഫീസർമാരായ അനിൽകുമാർ, പോൾഡേവിഡ്,

ഹരികുമാർ എന്നിവരുടെയും ബന്ധപ്പെട്ട ഫയർ ആൻഡ് റെസ്ക്യു ഓഫീസേഴ്സിന്റെയും നേതൃത്വത്തിലാണ് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി വരുന്നത്.

## ഐഎച്ച്ആർഡി കോഴ്സുകൾ

വലപ്പാട് ഐഎച്ച്ആർഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിലും ചേർപ്പ് എക്റ്റൻഷൻ സെന്ററിലും ആരംഭിക്കുന്ന സിസിഎൽഐഎസ്, ഡിസിഎ, ഡിഎൽഎസ്എം, ഡിസിഎഫ്എ, പിജിഡിസിഎ, ഡിഡിടിഒഎ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. അപേക്ഷഫോറവും വിശദവിവരങ്ങളും ihrd.ac.in ൽ ലഭിക്കും.

## 42-ാമത് തൃശൂർ പുഷ്പോത്സവം ഇന്ന് തുടങ്ങും

42-ാമത് പുഷ്പോൽസവം ഇന്ന് (ജനുവരി 24) വൈകീട്ട് നാലിന് തേക്കിൻകാട് മൈതാനിയിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ ഉദ്ഘാടനം ചെയ്യും. കോർപ്പറേഷൻ മേയർ അജിത വിജയൻ അധ്യക്ഷയാവും. ജനുവരി 24 മുതൽ ഫെബ്രുവരി രണ്ടു വരെയാണ് പുഷ്പ-ഫല-സസ്യ പ്രദർശനം നടക്കുക. തൃശൂർ അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി, കോർപറേഷൻ, കൊച്ചിൻ ദേവസ്വം ബോർഡ്, ജില്ലാ പഞ്ചായത്ത്, കേരള കാർഷിക സർവകലാശാല, കേരള കൃഷി വകുപ്പ്, വെറ്ററിനറി സർവകലാശാല എന്നിവയുടെ ആഭിമുഖ്യത്തിലാണ് പുഷ്പോത്സവം സംഘടിപ്പിക്കുക. ഏറെ പുതുമകളോടെയും വൈവിദ്ധ്യപൂർണമായും, വിജ്ഞാനദായകവുമായാണ് പരിപാടി അണിയിച്ചൊരുക്കുന്നത്. ഇതോടനുബന്ധിച്ച് സെമിനാറുകൾ, പെറ്റ് ഷോ, വെജിറ്റബിൾ കാർവിങ്, പുഷ്പാലങ്കാര മത്സരങ്ങൾ, കാർഷിക പ്രശ്നോത്തരി, കാർഷിക സംവാദം, ഗാനമേള, നൃത്ത നൃത്യങ്ങൾ എന്നിവയും അരങ്ങേറും. ജില്ലാ കളക്ടർ എസ് ഷാനവാസ് ആമുഖ പ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ ചന്ദ്ര ബാബു, കൗൺസിലർ എം എസ് സമ്പൂർണ, എം എൽ റോസി, പ്രിൻസിപ്പൽ കൃഷി ഓഫീസർ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും

## പുഷ്പോത്സവം ചിത്രരചന മത്സരവിജയികൾ

42-ാമത് പുഷ്പോത്സവത്തോടനുബന്ധിച്ച് തൃശൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി ദേവമാത പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച ചിത്രരചന മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ആര്യ ആർ നായർ (ശബരി സെൻട്രൽ സ്കൂൾ) ഒന്നാം സ്ഥാനം നേടി. രണ്ടാം സ്ഥാനം ജിതിൻ കൃഷ്ണ ആർ.എസ്. (എൻഎസ്എസ് മുണ്ടത്തിക്കോട്), മൂന്നാം സ്ഥാനം ടി.എം.ശിവാനി (ശ്രീ ശ്രീ രവിശങ്കർ വിദ്യാലയം ഒളരി) എന്നിവർ നേടി.

ദേവദർശ് കെ.ആർ (സെന്റ് തോമസ് തൃശൂർ), സി.ജെ.ദേവിക (ജിവിഎച്ച്എസ്എസ് ചേർപ്പ്), കെ.ബി.അനുഗ്രഹ് (സെന്റ് സെബാസ്റ്റ്യൻസ് ചാലക്കുടി), കെ.ജി.അക്ഷയ് ( സിഎൻഎൻ ബിഎച്ച്എസ് ചേർപ്പ്), പി.എസ്.അഭിനവ് (ഗുരുകുലം വെങ്ങിണിശേരി) എന്നിവർ പ്രോത്സാഹ സമ്മാനങ്ങൾക്ക് അർഹരായി.

യുപി വിഭാഗത്തിൽ കെ.ആർ.ഹരികൃഷ്ണൻ (സെന്റ് മേരീസ് യുപി ലൂർദ്ദ്), സായ് ലക്ഷ്മി (എസ്എസ്ജിഎച്ച് എസ് പുറനാട്ടുകര), ശ്രേയ അനിൽ (ഭാരതീയ വിദ്യാഭവൻ പൂച്ചട്ടി) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി.

കെ.എസ്.ആദിനാഥ്(നിർമല മാതാ സ്കൂൾ) സൂര്യ പി.പ്രകാശ്, അനുദർശ്, അദ്വൈത് മോഹൻ കെ.ആർ (മൂവരും സെന്റ് ജോസഫ്സ് സ്കൂൾ കുരിയച്ചിറ),സാനിയ ജെയിംസ് (സെന്റ് അഗസ്റ്റിയൻ യുപി കൊക്കാലെ) എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായി.

എൽപി വിഭാഗത്തിൽ സി.എസ്.ശ്വേത (സെന്റ് മേരീസ് ഒല്ലൂർ), എൻ.എസ്.ആര്യൻ(സെന്റ് മേരീസ് കൊട്ടേക്കാട്), ഷാൻ റോയ് (നിർമലമാതാ തൃശൂർ) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി.

ആൻഡ്രിച്ച് ബൈജു (സെന്റ് ആന്റണീസ് വരന്തരപ്പിള്ളി), ശിവനന്ദ പി വിമൽ, എം.ആർ.നന്ദകൃഷ്ണ(ഇരുവരും സേക്രഡ് ഹാർട്ട് സ്കൂൾ തൃശൂർ), എൻ.എസ്.ആദിത്യൻ (സെന്റ് മേരീസ് കൊട്ടേക്കാട്) എന്നിവർ പ്രോത്സാഹന സമ്മാനത്തിന് അർഹരായി.

നേഴ്സറി വിഭാഗത്തിൽ കെ.എസ്.അദ്വൈത് (നിർമല മാതാ സ്കൂൾ) പ്രോത്സാഹന സമ്മാനത്തിന് അർഹത നേടി.

വിജയികൾക്കുള്ള സമ്മാനങ്ങൾ പുഷ്പോത്സവത്തിന്റെ സമാപനദിവസമായ ഫെബ്രുവരി രണ്ടിന് വൈകീട്ട് ആറിന് വടക്കുന്നാഥ ക്ഷേത്രമൈതാനത്തിന്റെ തെക്കുഭാഗത്തുള്ള പുഷ്പോത്സവ പ്രദർശന നഗരിയിൽ നടക്കുന്ന സമാപന സമ്മേളനത്തിൽ വിതരണം ചെയ്യുമെന്ന് കൺവീനർ ടി.വി.ചന്ദ്രൻ, ജനറൽ കൺവീനർ വി.എസ്.റോയ് എന്നിവർ അറിയിച്ചു.

## വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനുള്ള കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. വോട്ടർ പട്ടിക പഞ്ചായത്ത് ഓഫീസിൽ ലഭ്യമാണെന്ന് സെക്രട്ടറി അറിയിച്ചു.

## ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഈവനിങ് ഒപി

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഫെബ്രുവരി ഒന്ന് മുതൽ ഇവനിങ് ഒപി ആരംഭിക്കും. ആശുപത്രി മാനേജ്മെന്റ് യോഗത്തിലാണ് തീരുമാനം. ഈവനിങ് ഒപി യിലേക്കുള്ള ഡോക്ടറെ നഗരസഭയും ഫാർമസിസ്റ്റിനെ ആശുപത്രി മാനേജ്മെന്റും നിയമിക്കും. നിലവിൽ ഉച്ചവരെയാണ് ഒപി സമയം. ഉച്ചയ്ക്ക് ശേഷം വരുന്ന രോഗികൾക്ക് അത്യാഹിത സേവനം മാത്രമാണ് ലഭിക്കുന്നത്. ഇത് പരിഹരിക്കാനാണ് ഈവനിങ് ഒപി ആരംഭിക്കുന്നത്. ഇനി മുതൽ ആശുപത്രിയിൽ എത്തുന്ന വാഹനങ്ങൾക്ക് പാർക്കിങ് ഫീസും ഈടാക്കും. ഇരുചക്ര വാഹനങ്ങൾക്കൊഴികെ പത്തു രൂപയാണ് ഫീസ്. ഇതിനായി ആശുപത്രിയിയുടെ പടിഞ്ഞാറെ ഭാഗത്തു പാർക്കിങ് ഗ്രൗണ്ട് ഒരുക്കും. നിലവിൽ രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം മൂന്ന് ഷിഫ്റ്റാക്കി ഉയർത്തും.

## പാമ്പാടി സ്കൂളിന് 64.42 ലക്ഷം രൂപ

പാമ്പാടി ഗവ എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണത്തിന് ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്ന് 64.42 ലക്ഷം രൂപ അനുവദിച്ചതായി യു.ആർ. പ്രദീപ് എംഎൽഎ അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനാണ് നിർമ്മാണ ചുമതല. ടെണ്ടർ നടപടികൾ പൂർത്തികരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എംഎൽഎ നിർദ്ദേശം നൽകി.

## വില്ലേജ് ഓഫീസുകളിൽ ഇനി ഇ-പോസ് സംവിധാനം

ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് സംവിധാനം നിലവിൽ വന്നു. ജില്ലയെ സമ്പൂർണ്ണ ഡിജിറ്റലൈസ്ഡ് ആക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിശീലന പരിപാടി ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. ഇ-പോസ് മെഷീൻ സംവിധാനത്തിലൂടെ എടിഎം കാർഡ് ഉപയോഗിച്ചു പൊതുജനങ്ങൾക്ക് ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പണമിടപാടുകൾ നടത്താൻ സാധിക്കും. ഇ- പോസ് മെഷീൻ പ്രവർത്തനത്തെ സംബന്ധിച്ചു മതിയായ പരിശീലനം ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥർക്കും ലഭ്യമാക്കി. കാഷ്ലെസ്സ് പണമിടപാടുകളിലൂടെ ഡിജിറ്റൽ യുഗത്തിലേക്ക് മാറാൻ വേണ്ട തയ്യാറെടുപ്പുകളുടെ ആദ്യ പടിയായാണ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയത്. രണ്ട് ഭാഗങ്ങളിലായി ജില്ലയിലെ 186 വില്ലേജ് ഓഫീസർമാർക്കാണ് പരിശീലനം നൽകിയത്.മെഷീൻ എങ്ങനെ ഉപയോഗിക്കാം, മെഷീനിലെ കോഡുകൾ എങ്ങനെ മനസിലാക്കാം, ഓരോ പ്രദേശത്തും ലഭ്യമായ

നെറ്റ്‌വർക്ക് കവറേജ് എങ്ങനെ അറിയാം മെഷീൻ ഓൺ-ഓഫ് പ്രവർത്തനങ്ങൾ, ഇങ്ങനെ വിവിധ വിഷയങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി. വില്ലേജ് ഓഫീസുകൾക്ക് പുറമെ അടുത്ത ഘട്ടത്തിൽ ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഇ-പോസ് സേവനം ലഭ്യമാക്കും. കൂടാതെ ബസ് ഓണഴേസ് അസോസിയേഷനുമായി കൂടിയാലോചിച്ചു ബസ് ടിക്കറ്റും ഇ-പോസ് മെഷീൻ സ്വൈപ് വഴി ലഭ്യമാക്കും. ഡിജിറ്റൽ സെന്റർ ഫോർ എക്സലൻസ് , ഐ ടി വകുപ്പും സംയുക്തമായാണ് സമ്പൂർണ ഡിജിറ്റലൈസേഷൻ സാധ്യമാക്കുന്നത്. ആവശ്യമായ ഇ-പോസ് മെഷീനുകൾ വിതരണം ചെയ്യുന്നത് ഫെഡറൽ ബാങ്ക് ആണ്. ജില്ലാ റെവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർ പി കാവേരി കുട്ടി, ജില്ലാ ഐ ടി കോ-ഓർഡിനേറ്റർ എഡ്വിൻ ആന്റണി, ജൂനിയർ സൂപ്രണ്ട് സബിത എം പി, ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റ് ആൻഡ് റീജിയണൽ ഹെഡ് ഷാജി കെ വി , സീനിയർ മാനേജർ ബാലസുബ്രഹ്മണ്യൻ ടി എസ്എന്നിവർ പങ്കെടുത്തു.

## വി.കെ.എൻ.പുരസ്കാരസമർപ്പണം 25 ന്

വി.കെ.എൻ.ന്റെ 16-ാം ചരമവാർഷികത്തിന്റെ ഭാഗമായി തിരുവില്വാമല ഗ്രാമീണ വായനശാല യുടെ സഹകരണത്തോടെ വി.കെ.എൻ.അനുസ്മരണസമ്മേളനം സംഘടിപ്പിക്കുന്നു. ജനുവരി 25 രാവിലെ പത്തിന് വി.കെ.എൻ.ന്റെ വസതിയിൽ പുഷ്പാർച്ചനയോടെ ചടങ്ങുകൾക്ക് തുടക്കം കുറി ക്കും. സ്മരണാഞ്ജലിയിൽ കെ.പി.ഉമാശങ്കർ അധ്യക്ഷത വഹിക്കും. ടി.ഗോപിനാഥൻ സ്വാഗ തവും പി.ശശികുമാർ നന്ദിയും പറയും. വേദവതിയമ്മ, കുടുംബാംഗങ്ങൾ, ജനപ്രതിനിധികൾ, സാഹിത്യ അക്കാദമി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. ഉച്ചയ്ക്ക് രണ്ടിന് തിരുവില്വാമല ഗ്രാമീണ വായനശാലയിലെ വി.കെ.എൻ.ഹാളിൽ സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന കവിതാ ലാപനസദസ്സ് നടക്കും. തുടർന്ന് സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനന്റെ അധ്യ ക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ.കെ.എം.അനിൽ സ്മാരകപ്രഭാഷണം നടത്തും. സംഘാടകസമിതി വൈസ് ചെയർമാൻ പി.നാരായണൻകുട്ടി ആമുഖപ്രഭാഷണം നടത്തും. പി. ആർ.ജയൻ, ബിനു മലയിൽ എന്നിവർ സംസാരിക്കും. വൈകീട്ട് അഞ്ചിന് പൊതുസമ്മേളന ഉദ്ഘാടനവും വി.കെ.എൻ.പുരസ്കാരം ആരോഹണം 2020 പ്രഖ്യാപനവും പൊതുവിദ്യാഭ്യാസ വ കുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് നിർവ്വഹിക്കും. യു.ആർ.പ്രദീപ് എംഎൽഎ അധ്യക്ഷത വഹി ക്കും. വെബ്സൈറ്റിന്റെ ഉദ്ഘാടനം അക്കാദമി പ്രസിഡണ്ട് വൈശാഖൻ നടത്തും. അനുസ്മരണ പ്രഭാഷണവും സാഹിത്യ അക്കാദമി ഹാസസാഹിത്യ അവാർഡ് ജേതാവിനുള്ള ആദരസമർപ്പ ണവും സി.രാധാകൃഷ്ണൻ നിർവ്വഹിക്കും. വി.കെ.കെ.രമേഷ് ആദരം ഏറ്റുവാങ്ങും. ജില്ലാപഞ്ചാ യത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ദീപ എസ്. നായർ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം.പത്മകുമാർ, തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.ആർ.മണി, തിരുവില്വാമല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിന്ധു സുരേഷ്, ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.ആർ.സത്യൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം എൻ.കുമാരൻ, ഗ്രാമീണ വായനശാല സെക്രട്ടറി ജയപ്രകാശ് കുമാർ, തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡ ണ്ട് എം.ആർ.മണി എന്നിവർ സംസാരിക്കും. തുടർന്ന് കലാപരിപാടികൾ അരങ്ങേറും.

## അംഗപരിമിതർക്ക് ജില്ലാ കളക്ടറുടെ കൈത്താങ്ങ്: വീൽചെയറുകൾ വിതരണം ചെയ്തു

ജില്ലാ കളക്ടർ എസ് ഷാനവാസ് നടപ്പാക്കുന്ന കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ധന രായ ഭിന്നശേഷിക്കാർക്ക് നൽകുന്ന മോട്ടോറൈസ്ഡ് വീൽചെയറുകൾ വിതരണം ചെയ്തു. ലൈഫ് മിഷൻ കുടുംബസംഗമത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീനാണ് വീൽചെയറുകൾ കൈമാറിയത്. പോർക്കുളം കളത്തുപടി വീട്ടിൽ സീമ, മുട്ടത്തൊടി സ്വദേശി ശ്രീദേവി, വിയ്യൂർ സ്വദേശി അനന്തകൃഷ്ണൻ, പഴഞ്ഞി സ്വദേശി ജിഷ്ണു എന്നിവർക്കാണ് വീൽചെയറുകൾ നൽകിയത്.

ഭിന്നശേഷിക്കാർക്ക് വേണ്ടി നടപ്പാക്കുന്ന മറ്റ് പദ്ധതികളിൽ ഉൾപ്പെടാത്തവരും തീർത്തും നിർദ്ധനരുമായ അംഗപരിമിതരെ സഹായിക്കുന്നതിനായി ജില്ലാ കളക്ടർ ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം നാല് പേർക്കാണ് മോട്ടോറൈസ്ഡ് വീൽചെയറുകൾ കൈമാറിയത്. പഞ്ചാബ് നാഷ ണൽ ബാങ്ക്, കാനറ ബാങ്ക്, ഐഡിബിഐ ബാങ്ക് എന്നീ ബാങ്കുകളുടെ സഹകരണത്തോടെ

യാണ് ജില്ലാ കളക്ടർ എസ് ഷാനവാസ് പദ്ധതി നടപ്പാക്കുന്നത്. ഒന്നിന് 55000 രൂപ വില വരുന്ന വീൽചെയറുകളാണ് തെരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകുന്നത്. സാമൂഹ്യനീതി വകുപ്പിന്റെയും വീൽചെയർ അസോസിയേഷന്റെയും പരിശോധനയെ തുടർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലാ കളക്ടർ നടപ്പാക്കുന്ന പദ്ധതി പ്രകാരമുള്ള മോട്ടോറൈസ്ഡ് വീൽചെയറുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നു.***